(3) പേരാമ്പ്ര മണ്ഡലത്തിൽ ഉരുൾപൊട്ടലിലും ചുഴലിക്കാറ്റിലും കൃഷി നശിച്ച കർഷകർക്ക് അടിയന്തിരാശ്വാസം

ശ്രീ. ടി. പി. രാമകൃഷ്ണൻ: ഈയിടെ ഉണ്ടായ പേമാരിയിലും ഉരുൾ പൊട്ടലിലും കൊടുങ്കാറ്റിലും കനത്ത ദുരന്തമാണുണ്ടായത്. പേരാമ്പ്ര മണ്ഡലത്തിൽ കാലാവസ്ഥ ദുരന്തത്തിൽപ്പെട്ട് നാലുപേർ മരിക്കാനിടയായി. കൂരച്ചുണ്ട് പഞ്ചായത്തിൽ വട്ടച്ചിറ, കാളങ്ങാലി, പുറത്തിൻ ചോല, കോട്ടൂർ പഞ്ചായത്തിലെ തുരുത്തുമല, കുന്നിക്കൂട്ടം, കായണ്ണ പഞ്ചായത്തിലെ പാടിക്കുന്ന് എന്നീ സ്ഥലങ്ങളിലെല്ലാം ഉരുൾപൊട്ടലുണ്ടായി. ഉരുൾപൊട്ടലിനെത്തുടർന്ന് തെങ്ങ്, കവുങ്ങ്, റബ്ബർ, വാഴ, കൊക്കോ, കുരുമുളക്, മറ്റു ഫലവൃക്ഷങ്ങൾ ഇതെല്ലാം വൻതോതിൽ നഷ്ടപ്പെടുന്നതിനിടയായി. കൃഷി നശിച്ചു എന്നു മാത്രമല്ല കൃഷിഭൂമി പോലും നഷ്ടമായിരിക്കുകയാണ്. ഉരുൾപൊട്ടലിൽ കൃഷിയെല്ലാം നശിച്ചതോടൊപ്പംതന്നെ ഭൂമിയിൽ പാറക്കൂട്ടങ്ങൾ വന്ന് നിറഞ്ഞിരിക്കുകയാണ്. ഇനി കൃഷിയോഗ്യമല്ലാത്ത നിലയിലാണ് ഈ ഭൂമിയുടെ കിടപ്പ്. അത് പരിഗണിച്ചുകൊണ്ട് ആവശ്യമായ സഹായ നടപടികൾ സ്വീകരിക്കണമെന്നും, ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കൊടുങ്കാറ്റിന്റെ ഫലമായി അരിക്കുളം പഞ്ചായത്തിലെ പാളപ്രംകുന്ന് പ്രദേശത്താകെ മരങ്ങളെല്ലാം കടപുഴകി വീണ് വീടുകൾക്ക് നാശനഷ്ടം സംഭവിച്ചു. കാലാവസ്ഥാ ദുരന്തത്തിന്റെ ഭാഗമായി നിരവധി വീടുകളും തകർന്നുപോകാൻ ഇടയായിട്ടുണ്ട്. ഇവിടെ കൃഷി നശിച്ചുപോയ ആളുകളുടെ കൃഷി നാശം എത്രയുണ്ടെന്ന് നിർണ്ണയിക്കുന്ന കാര്യത്തിൽപ്പോലും കൃഷിഭവനിലെ ഉദ്യോഗസ്ഥൻമാർ വലിയ തോതിലുള്ള .അനാസ്ഥയാണ് കാണിച്ചിരിക്കുന്നത്. യഥാർത്ഥത്തിലുള്ള നഷ്ടം നിർണ്ണയിച്ചിട്ടില്ല എന്നുള്ളതാണ് ഓരോ പ്രദേശത്തേയും അനുഭവങ്ങളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. പാവപ്പെട്ടവരാണെന്നതും മറ്റ് ആശ്രയങ്ങളൊന്നും ഇല്ലാത്തവരാണെന്നതും പരിഗണിച്ചുകൊണ്ട് കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ദുരന്തത്തിന്റെ ഭാഗമായി ഗ്രാമീണ റോഡുകളെല്ലാം വൻതോതിൽ തകർന്നു പോയിരിക്കുന്നു. റോഡുകളെല്ലാം പുനർനിർമ്മിക്കേണ്ടതുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ആശ്വാസ നടപടികൾ ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കാലവർഷത്തിന്റെ ഫലമായി വളരെ ഭീമമായ നഷ്ടമാണ് വാസ്തവത്തിൽ കൂരച്ചുണ്ട്, പേരാമ്പ്ര പഞ്ചായത്തുകളിൽ ഉണ്ടായിട്ടുള്ളത്. കൂരച്ചുണ്ടിൽ 1,26,740 രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ കായണ്ണ പഞ്ചായത്തിൽ 2,85,000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. എല്ലാം കൂടെ ആകെ 3,82,640 രൂപയുടെ നാശനഷ്ടമുണ്ടായിട്ടുള്ളതായിട്ടാണ് റിപ്പോർട്ട് കിട്ടിയിരിക്കുന്നത്. പക്ഷെ നോംസ് അനുസരിച്ച് നാശനഷ്ടത്തിന് മുഴുവൻ നഷ്ട പരിഹാരം കിട്ടുകയില്ല. കേന്ദ്ര ഗവൺമെന്റിന്റെ നോംസ് അനുസരിച്ച് ആണെങ്കിൽ 93,580 രൂപയുടെ നഷ്ട പരിഹാരം കൃഷിക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

അർഹതപ്പെട്ടതായിട്ടുണ്ട്. ഫുൾ ബഡ്ജറ്റ് പാസ്സായ ഉടൻ തന്നെ ആ നഷ്ടപരിഹാരം അറിടെ എത്തിക്കുന്നതാണ്. മറ്റു കാര്യങ്ങളെ സംബന്ധിച്ച്, റോഡ് നിർമ്മിക്കുന്ന കാര്യത്തെ സംബന്ധിച്ച്, ബഹുമാനപ്പെട്ട മെമ്പറുടെ അപേക്ഷ കിട്ടുന്ന മുറയ്ക്ക് അതിനെ സംബന്ധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ തന്നെ ഭൂമി പോയ ആളുകൾക്ക് പകരം ഭൂമി കൊടുക്കുന്ന കാര്യം സംബന്ധിച്ച് ആലോചിക്കാം.

(4) അയിരൂർ - പാറക്കടവ് പുത്തൻവേലിക്കര കുടിവെള്ള പദ്ധതി

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, കുടിവെള്ള ക്ഷാമം ഏറ്റവും രൂക്ഷമായ വടകര നിയോജകമണ്ഡലത്തിലെ കുന്നുകര, പാറക്കടവ് പഞ്ചായത്തുകൾക്ക് പൂർണ്ണമായും, പുത്തൻവേലിക്കര പഞ്ചായത്തിന് ഭാഗികമായും പ്രയോജനപ്പെടുന്ന പദ്ധതിയാണ് അയിരൂർ-പാറക്കടവ് പുത്തൻവേലിക്കര പദ്ധതി. ഇത് രണ്ടു ഫെയിസുകളായി 1994-ൽ തുടങ്ങി. അതിന്റെ ഏതാണ്ട് സെക്കന്റ് ഫെയിസിന്റെ 99 ശതമാനവും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഒരു തോട് ക്രോസ് ചെയ്യാൻ 200 മീറ്റർ പൈപ്പുണ്ടെങ്കിൽ വരൾച്ചക്കാലത്തിന് മുമ്പ് മുടക്കിയ ഈ പദ്ധതിയുടെ ഒരു ഭാഗം കമ്മീഷൻ ചെയ്യാൻ കഴിയും. അതിന്റെ ഫസ്റ്റ് ഫെയ്സിന് ഏതാണ്ട് 60%-ത്തോളം പണി പൂർത്തിയായിക്കഴിഞ്ഞു. ഈ ഭാഗത്തിന്റെ പണി നിറുത്തി വച്ചിരിക്കുകയാണ്. അടിയന്തിരമായി 200 മീറ്റർ പൈപ്പ് അനുവദിച്ചാൽ സെക്കന്റ് ഫെയ്സ് പൂർത്തിയാക്കാൻ കഴിയും. അടിയന്തിരമായി അത് നടപ്പാക്കുവാനും നിറുത്തിവച്ചിരിക്കുന്ന ആദ്യ ഫെയ്സിന്റെ പണി അടിയന്തിരമായി തുടങ്ങുവാനുമുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പ്രോജക്ട് അദ്ദേഹം ആവശ്യപ്പെട്ട പ്രകാരം തന്നെ റിവ്യൂ നടത്തി. അത് എ.ആർ.പി. സ്കീമിൽ എടുത്തിരിക്കുന്ന പദ്ധതിയാണ്. 1993-ൽ ഇതിന് ഭരണാനുമതി കൊടുത്തു. 210.36 ലക്ഷം രൂപയുടെ പദ്ധതിയാണ്. പഞ്ചായത്തധികൃതർ ഇതിനാവശ്യമായിട്ടുള്ള സ്ഥലം നൽകണമെന്നുള്ളതാണ്. പഞ്ചായത്ത് സ്ഥലം തരാതിരുന്നതുകൊണ്ടാണ് ഈ പ്രോജക്ട് താമസിച്ചത്. നെടുമ്പാശ്ശേരി എയർപോർട്ടും കൂടി വന്നു കഴിഞ്ഞപ്പോൾ ചെങ്ങമനാട്-നെടുമ്പാശ്ശേരി പദ്ധതിയുമായി ഈ പദ്ധതി ബന്ധിപ്പിക്കുകയുണ്ടായി. പണികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. മെമ്പർ ഇവിടെ പറഞ്ഞതുപോലെ പുരുക്കം ചില പണികളാണ് അവശേഷിക്കുന്നത്. 2004 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയും. അതനുസരിച്ചുള്ള ക്രമീകരണങ്ങളാണ് ചെയ്തിരിക്കുന്നത്. രണ്ടാഴ്ച അദ്ദേഹം ഇവിടെ സൂചിപ്പിച്ച സംഗതി, ആ പദ്ധതിയെ സംബന്ധിച്ചിടത്തോളം അതിനുള്ള ഫണ്ട് നബാർഡിൽ നിന്നെടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 2005 ഡിസംബറിൽ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ തന്നെ എൽ.ഐ.സി.-യുടെ സഹായത്തോടുകൂടിയുള്ള പുത്തൻവേലിക്കൽ പദ്ധതി, ഇതിന്റെ പ്രവർത്തനങ്ങൾ കുറേയെല്ലാം മുന്നോട്ട് നീങ്ങിയിട്ടുണ്ട്. ചില പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. 2005 ഡിസംബറിൽ പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly